(ഇ) പ്രസ്തുത തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

(എഫ്) ഈ കേന്ദ്രം എന്നത്തേക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈപവർ ലിക്വിഡ് ക്രോമാറ്റോഗ്രാഫ്, സ്പെക്ട്രോ പോട്ടോമീറ്റർ ഡബിൾ ബീം, സ്പെക്ട്രോ ഫ്യൂസി മീറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുവാനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ട്.

(സി) എൺപത്തിയഞ്ച് ലക്ഷം രൂപ.

(ഡി)&(ഇ) പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്രൊഫസർ (ഇൻചാർജ്), നഴ്സിംഗ് ട്യൂട്ടർ എന്നിവയുടെ ഓരോ തസ്തിക വീതവും, ടോക്സിക്കോളജിക്കൽ അനലിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവയുടെ നാല് തസ്തിക വീതവും, ക്ലിനിക്കൽ ടോക്സിക്കോളജിസ്റ്റിന്റെ രണ്ട് തസ്തികയും ആവശ്യമുണ്ട്. ഇവ അനുവദിച്ചിട്ടില്ല.

(എഫ്) ഈ കേന്ദ്രം എത്രയും വേഗം പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. ചില യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്ത് ലഭിയ്ക്കുന്ന മുറയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

188 (1792) അരീക്കോട് ആശുപത്രിയുടെ വികസനം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട് ആശുപത്രി വികസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വർദ്ധിച്ചു വരുന്ന രോഗികളുടെ ആവശ്യം കണക്കിലെടുത്ത് ഇതിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 454/99/ആ.കു.വ. തീയതി: 12.11.1999 പ്രകാരം അരീക്കോട് ആശുപത്രിയെ സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

189 (1793) റഫ്രിജറേഷൻ മെക്കാനിക് ശ്രീ. നളിനാക്ഷനെ സ്ഥലം മാറ്റിയ സംഭവം

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസിൽ റഫ്രിജറേഷൻ മെക്കാനിക്കായി ജോലി നോക്കിയിരുന്ന ശ്രീ. നളിനാക്ഷനെ തസ്തികയടക്കം കാസർഗോട്ടേയ്ക്ക് സ്ഥലംമാറ്റിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട്ടു നിന്നും മാറ്റാതെതന്നെ 5 ജില്ലകളിൽ പോയി ആവശ്യാനുസരണം ജോലി ചെയ്യാവുന്ന തസ്തിക കാസർഗോട്ടേയ്ക്ക് മാറ്റിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ജീവനക്കാരുടെ സംഘടന പ്രക്ഷോഭത്തിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശ്രീ. നളിനാക്ഷനെ തസ്തികയടക്കം കോഴിക്കോട്ട് തന്നെ നിലനിറുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ റെഫ്രിജറേഷൻ മെക്കാനിക്കായിരുന്ന ശ്രീ. വി. സുധാകരൻ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിൽ ഇൻസ്ട്രക്ടർ ആയി ജോലിയിൽ പ്രവേശിപ്പിക്കുന്നതിനായി കാസർഗോഡ് നിന്നും വിടുതൽ ചെയ്തതിൽ പൾസ് പോളിയോ സംബന്ധമായി കോൾഡ് ചെയിൻ സംവിധാനത്തിന്റെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനും അവിടെ ഒരു മുഴുവൻ സമയ റഫ്രിജറേഷൻ മെക്കാനിക്കിന്റെ സേവനം അത്യാവശ്യമായി വന്നതിനാലാണ് കോഴിക്കോട് നിന്നും റഫ്രിജറേഷൻ മെക്കാനിക്കൽ തസ്തിക കാസർഗോട്ടേയ്ക്ക് 31.1.2000 വരെ (പൾസ് പോളിയോ കാലാവധി തീരുന്നത് വരെ) മാറ്റിയത്.

(സി) ഇല്ല.

(ഡി) 31.1.2000-നുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

190 (1794) പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നടപടി

ശ്രീ. സി. മൊയീൻകുട്ടി :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലാബ് ടെക്നീഷ്യൻ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധപ്പെടുത്തിയത്;

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചു;

(സി) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തെരഞ്ഞെടുക്കപ്പെട്ടവർ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അവരെ പിരിച്ചുവിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 4.3.1999-ൽ

(ബി) ഇതുവരെ 27 പേരെ നിയമിച്ചിട്ടുണ്ട്.

(സി)&(ഡി) അപ്രകാരം തുടരുന്നവരുടെ വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly